LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട വ്യവസായ മേഖലയിൽ നൂതന സാങ്കേതികവിദ്യയുടെ ഉപയോഗം

16 (*196) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂതന സാങ്കേതികവിദ്യയുടെ അഭാവം ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനത്തിനു തടസ്സം സൃഷ്ടിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വ്യവസായ മേഖലയിലെ മത്സര രംഗത്ത് വിജയിക്കാനുതകുന്ന രീതിയിൽ നൂതന സാങ്കേതികവിദ്യ ചെറുകിട വ്യവസായ മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ചെറുകിട വ്യവസായ മേഖലയുടെ അഭിവൃദ്ധിക്കായി സർക്കാർ നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ചെറുകിട വ്യവസായ മേഖലയെ മത്സരക്ഷമമാക്കുന്നതിന് വ്യവസായ വകുപ്പ് വിവിധങ്ങളായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഗവേഷണ സ്ഥാപനങ്ങളിലേയും, സാങ്കേതിക സ്ഥാപനങ്ങളിലേയും ഗവേഷണ ഫലങ്ങൾ ചെറുകിട വ്യവസായ സംരംഭകർക്ക് ലഭ്യമാക്കുന്നതിനുള്ള ടെക്നോളജി ഇൻകുബേഷൻ സെന്ററുകൾ, ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജുകൾ, എന്റർപ്രണർ ഗൈഡൻസ് സെൽ മുഖേനയുള്ള ഹാന്റ് ഹോൾഡിംഗ് സർവ്വീസുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. കേരള ചെറുകിട വ്യവസായ കോർപ്പറേഷനെ (സിഡ്കോ) സമീപിക്കുന്ന ചെറുകിട വ്യവസായികൾക്ക് സ്ക്രീനിംഗ്, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, കൗൺസിലിംഗ് എന്നിവ ലഭ്യമാക്കുന്നതിനായി ഒരു കൺസൾട്ടൻസി ഡിവിഷനും വ്യവസായികളുടെ ആവശ്യാനുസരണം സേവനം ലഭ്യമാക്കുന്നതിന് ഒരു ഐ.ടി. ഡിവിഷനും പ്രവർത്തിക്കുന്നു.

20-12-2012 മുതൽ സർക്കാർ നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കി ഉൽപ്പാദനം നടത്തുന്ന വ്യവസായ സംരംഭകർക്ക് സ്ഥിരാസ്തികളിലുള്ള നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക ധനസഹായമായി നൽകുന്നു. കേരളത്തിലെ ഉൽപ്പാദകർക്ക് വിപണിയുടെ ആവശ്യങ്ങൾ, വളരുന്ന വിപണികൾ, ഗുണനിലവാരത്തിൽ പാലിക്കേണ്ട കാര്യങ്ങൾ എന്നിവ നേരിട്ട് മനസ്സിലാക്കുന്നതിന് ബിസിനസ്സ് ടു ബിസിനസ്സ് മീറ്റും സംഘടിപ്പിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം ആവിഷ്കരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. പ്രസ്തുത നയത്തിൽ ചെറുകിട വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി വ്യവസായ ഏര്യകളിലെ ക്ലസ്റ്ററുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനും, ബഹുനില സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു. സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി. എന്നിവയിൽ എം.എസ്.എം. ഇ. ഓഹരി പങ്കാളിത്ത നിധി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും തീർപ്പാക്കാനുള്ളവ പരിഹരിക്കുന്നതിനും സംസ്ഥാന-ജില്ലാ തലങ്ങളിൽ വ്യവസായ അദാലത്തുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

കെ.എഫ്.സി.-യുടെ നേതൃത്വത്തിൽ സ്വയം സംരംഭക വികസന മിഷൻ

17 (*197) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ.മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എഫ്.സി.-യുടെ നേതൃത്വത്തിൽ സ്വയം സംരംഭക വികസന മിഷൻ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനങ്ങളെന്തെല്ലാമാണ് ;

(സി) ഏതെല്ലാം മേഖലകളിലുള്ളവർക്കാണ് പ്രസ്തുത മിഷൻ സാമ്പത്തിക സഹായം നൽകുന്നത് ;

(ഡി) ജനങ്ങളിൽ സംരംഭക ശീലം വളർത്തുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് മിഷൻ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly